**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698** **23-02-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം , പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ. അബ്ദുൽ ഹമീദ് പി, ശ്രീ എ കെ എം അഷ്‌റഫ് | | Shri. V. N. Vasavan (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിൽ നടന്ന തട്ടിപ്പുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ ക്രമക്കേടുകളെ തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) അന്വേഷണം പൂർത്തീകരിക്കുകയും ചെയ്തു. ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ്, ക്രൈം ബ്രാഞ്ച് എന്നിവർ നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ Criminal Law Amendment Ordinance 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുള്ളതുമാണ്. സർക്കാരിന്റെ 24.07.2021 ലെ സ.ഉ.(സാധാ) 451/2021 നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനായി രൂപീകരിച്ച 9 അംഗ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2014-2015 കാലഘട്ടം മുതൽ ആഡിറ്റ് ജനറൽ വിഭാഗങ്ങളിൽ ജോലി ചെയ്തു വന്ന ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലും, ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലും, ബാങ്കിൽ നിയമപ്രകാരമുള്ള പരിശോധന നടത്തുന്നതിലും റിപ്പോർട്ട് സമർപ്പിക്കുന്ന തിലും വീഴ്ച വരുത്തിയ 2014 മുതൽ ബന്ധപ്പെട്ട ചുമതല വഹിച്ചിരുന്ന സഹകരണ |

| | | | |
|---|---|---|---|
| | | | വകുപ്പിലെ 16 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റാരോപിതരായ വിരമിച്ച ജീവനക്കാർ ക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ് സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നു വരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിക്ഷേപകരുടെ പണം തിരികെ നൽകുന്നതിനായി കേരള ബാങ്കുമായി സഹകരിച്ച് ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിരുന്നോ; പ്രസ്തുത പദ്ധതി പ്രകാരം പണം നൽകിയതിന്റെ വിശദാംശം അറിയിക്കുമോ? | (ബി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായുള്ള സാമ്പത്തിക പാക്കേജ് സർക്കാർ പരിശോധിച്ചു നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ